**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- തദ്ദേശ സ്വയം ഭരണ വകുപ്പ വഴി നടപ്പിലാക്കുന്ന മാതൃക അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ആരംഭിച്ച സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിന്റെ കാലാവധി 01.04.2018 മുതൽ 31.03.2019 വരെയുള്ള കാലയളവിലേയ്ക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.5239/2018/ധന.** തിരുവനന്തപുരം, തീയതി **21/06/2018**

പരാമർശം:- 1. 02.05.2014 തീയതിയിലെ സ.ഉ. (സാധാ)നം.3718/2014/ധന

2. വനിത ശിശു വികസന ഡയറക്ടറുടെ 15.09.2017, 06.04.2018 തീയതികളിലെ ICDS-A8-5410(2)/15 നമ്പർ കത്തുകൾ.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ വഴി നടപ്പിലാക്കുന്ന മാതൃക അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് ആരംഭിക്കുന്നതിന് പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മാണ പദ്ധതി തുടർ പദ്ധതിയായതിനാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള തുക വിനിയോഗം ചെയ്യുന്നതിനും കൂടാതെ കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ മാതൃക അങ്കണവാടി കെട്ടിട നിർമ്മാണ നിർവ്വഹണം നടത്തേണ്ടതുള്ളതിനാലും ഇതു സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ മേൽ അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ടെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം 2 ലെ കത്ത് പ്രകാരം അറിയിക്കുകയും മേൽ അക്കൗണ്ട് കാലഹരണപ്പെട്ടതിനാൽ ടി ആവശ്യത്തിലേയ്ക്കായി ജില്ലാതലത്തിലും നഗരസഭാതലത്തിലുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ആരംഭിച്ച സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിന്റെ കാലാവധി 01.04.2018 മുതൽ 31.03.2019 വരെയുള്ള കാലയളവിലേയ്ക്ക് ദീർഘിപ്പിച്ച് നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി തദ്ദേശ സ്വയം ഭരണ വകുപ്പ വഴി നടപ്പിലാക്കുന്ന മാതൃക അങ്കണവാടി നിർമ്മാണവുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ആരംഭിച്ചിരിക്കുന്ന സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിന്റെ കാലാവധി 01.04.2018 മുതൽ 31.03.2019 വരെയുള്ള കാലയളവിലേയ്ക്ക്, തുടർന്ന് ദീർഘിപ്പിച്ചു നൽകുന്നതല്ല എന്ന നിബന്ധനയോടെ, ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വനിത ശിശു വികസന ഡയറക്ടർ, വനിത ശിശു വികസന ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ